**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6346** **10-11-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . മഞ്ഞളാംകുഴി അലി | | **Shri V Sivankutty**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പല ജില്ലകളിലും നിലവിലെ പ്ലസ് വൺ സീറ്റുകളെക്കാൾ കൂടുതൽ കുട്ടികൾ യോഗ്യത നേടിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്ക അകറ്റുന്നതിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | ഈ വർഷത്തെ പ്ലസ് വൺ അഡ്മിഷനായി സംസ്ഥാനത്ത് സ.ഉ.(കൈ) നം. 191/2021 പൊ.വി.വ തീയതി 02/09/2021 ഉത്തരവ് പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ / എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ 20% മാർജിനൽ വർദ്ധനവ് അനുവദിച്ചിട്ടുണ്ട്. സ.ഉ.(കൈ) നം.241/2021 പൊ.വി.വ തീയതി 28/10/2021 ഉത്തരവ് പ്രകാരം തിരുവനന്തപുരം, പാലക്കാട്, കോഴിക്കോട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ സീറ്റുകളുടെ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 10ശതമാനവും അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിൻെറ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകൾക്കും 10% സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപോലെ കൊല്ലം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ ആവശ്യകത അനുസരിച്ച് സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകളിൽ 20 % ഉം അടിസ്ഥാന സൗകര്യമുള്ള അപേക്ഷിക്കുന്ന എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ നിബന്ധനകൾക്ക് വിധേയമായും (മാർജിനൽ വർദ്ധനവിൻെറ 20% മാനേജ്മെന്റ് സീറ്റ്) കൂടാതെ, അടിസ്ഥാന സൗകര്യമുള്ള, അപേക്ഷിക്കുന്ന അൺ- |

| | | | |
|---|---|---|---|
| | | | എയ്ഡഡ് സ്കൂളുകൾക്കും 20% സീറ്റ് വർദ്ധനവും വരുത്തിയിട്ടുണ്ട്. വയനാട് ജില്ലയിലെ അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് ഗവ.മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ്, കൽപ്പറ്റ എന്നീ സ്കൂളിൽ ഓരോ ഹ്യൂമാനിറ്റീസ് ബാച്ച് താത്കാലികമായി അനുവദിക്കുന്നതിനും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ നാമമാത്രമായ വിദ്യാർത്ഥികൾ ഉള്ള ബാച്ചുകൾ കണ്ടെത്തുകയാണെങ്കിൽ അവ ആവശ്യമുള്ള ജില്ലകളിലേയ്ക്ക് മാറ്റുന്നതിനും ആവശ്യമെങ്കിൽ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ താത്കാലിക ബാച്ചുകൾ അനുവദിക്കുന്നതിനും സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ